Circular No. 007/2025-2026 08/07/2025

VIJAYAGIRI PUBLIC SCHOOL
Annallur P.O. Chalakudy, Thrissur-680731

**മാന്യ രക്ഷിതാക്കളെ,**

2024-25 അധ്യയന വർഷത്തിലും ഉജ്ജ്വലമായ വിജയമാണ് നമ്മുടെ കുട്ടികൾ കൈവരിച്ചത്.

ഹയർസെക്കൻഡറി തലത്തിലും സെക്കൻഡറി തലത്തിലും കൂടി 374 പേർ പരീക്ഷയെഴുതിയതിൽ 327 പേർക്കും 70% ത്തിനു മേൽ മാർക്ക് നേടാൻ കഴിഞ്ഞു. ഞങ്ങൾ വിദ്യാർത്ഥികളുടെ പഠന മേഖലയ്ക്കുനൽകുന്ന പ്രഥമ പരിഗണനയ്ക്കും പ്രയത്നത്തിനുമുള്ള അംഗീകാരമാണ് ഈ നേട്ടം. ഈ സ്ഥാപനത്തെ അഭിമാനകരമായ വിജയത്തിലേക്കു നയിച്ച വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും,എന്നും ഞങ്ങളുടെ ഉയർച്ചയെ ആഗ്രഹിച്ചുപ്രവർത്തിക്കുന്ന പ്രിയ രക്ഷിതാക്കൾക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കട്ടെ.

## പാഠ്യേതര പ്രവർത്തനങ്ങൾ

നൂതന വിദ്യാഭ്യാസ പദ്ധതി കുട്ടികളുടെ പഠനത്തോടൊപ്പം തന്നെ പാഠ്യേതര പ്രവർത്തനങ്ങൾക്കും തുല്യപ്രാധാന്യം കൽപ്പിക്കുന്നുണ്ട്. അതിനാൽ കരിക്കുലത്തിൽ നിർദ്ദേശിച്ചതനുസരിച്ച് കുട്ടികളുടെ കായിക ക്ഷമതയ്ക്കും ഏകാഗ്രതക്കും ആരോഗ്യ ശീലങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ട്, സ്പോർട്സ്, യോഗ, കരാട്ടെ എയ്റോബിക്/ വെസ്റ്റേൺ ഡാൻസ് തുടങ്ങിയവയ്ക്ക് മികവുറ്റ പരിശീലനം നൽകുന്ന വിധത്തിലുള്ള സജ്ജീകരണങ്ങൾ ഈ വർഷം സ്കൂളിൽ ആവിഷ്കരിച്ചിട്ടുണ്ട്.

## വിജയഗിരി മൊബൈൽ ആപ്പ്

നവ സാങ്കേതികവിദ്യയുടെ സാധ്യതയെ പ്രയോജനപ്പെടുത്തിക്കൊണ്ട് വിജയിഗിരി പബ്ലിക് സ്കൂൾ ഒരു പുത്തൻ സംവിധാനം കൂടി ഈ വർഷം ഒരുക്കിയിരിക്കുന്നു. "**വിജയിഗിരി മൊബൈൽ ആപ്പ്** " സ്കൂളുമായി ബന്ധപ്പെട്ട എല്ലാ അറിയിപ്പുകളും ഇനി മുതൽ ഈ മൊബൈൽ ആപ്പ് വഴി നിങ്ങളിലേക്ക് എത്തുന്നു. കുട്ടികളുടെ പഠനനിലവാരമറിയുവാനും ഓഫീസ് സംബന്ധമായ കാര്യങ്ങൾക്കും, ഫീസ് അടക്കുവാനും ഇങ്ങനെ നിരവധിയായ സൗകര്യങ്ങൾ നിങ്ങൾക്ക് ഇതുവഴി സുഗമമായി നടത്താൻ കഴിയും. ആഗസ്റ്റ് മാസം ആദ്യവാരം മുതൽ ഈ ആപ്പ് പ്രവർത്തന സജ്ജമാകും. വാട്സ്ആപ്പ് വഴിയുള്ള സേവനം പിന്നീട് ഉണ്ടാകുന്നതല്ല.

**<u>വിജയഗിരി ആപ്പ് ഇൻസ്റ്റാൾ ചെയ്യേണ്ട വിധം</u>**

**<u>STEP 1:</u>**

**Play store/ App store നിന്നും ആപ്ലിക്കേഷൻ (വിജയഗിരി പബ്ലിക് സ്കൂൾ) ഡൗൺലോഡ് ചെയ്യുക എന്നതാണ്.**

**<u>STEP 2:</u>**

**ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് തുറന്ന ശേഷം, Username, Password നൽകാൻ ആവശ്യപ്പെടും.**

**ശ്രദ്ധിക്കുക: ഓൺലൈൻ ഫീസ് പേയ്മെന്റിനുള്ള ലോഗിൻ വിശദാംശങ്ങൾ നേരത്തെ അയച്ചിരുന്നു. Mobile App (മൊബൈൽ ആപ്പ് ) ലോഗിൻ ചെയ്യാനും ഇത് തന്നെ ഉപയോഗിക്കണം.**

**<u>STEP 3:</u>**

**ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്യാൻ നിങ്ങളുടെ Username, Password നൽകിയ ശേഷം, നിങ്ങൾ പാരന്റ് ലോഗിൻ വിൻഡോയിൽ പ്രവേശിക്കും.അതിനുശേഷം ഓരോ ഐക്കണുകളും വിശദമായി പരിശോധിച്ചു ഉപയോഗിക്കാവുന്നതാണ്**

**ഇതിനെ സംബന്ധിക്കുന്ന നിങ്ങളുടെ സംശയങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിന് വേണ്ടി ജൂലായ് 14 മുതൽ 31 വരെ എല്ലാ പ്രവർത്തി ദിനങ്ങളിലും 2 pm മുതൽ 4 pm വരെ സ്കൂളിൽ ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. ഈ സേവനം നിങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.**

**<u>അധ്യാപക രക്ഷാകർത്തൃ സംഗമം</u>**

എല്ലാ മാസത്തിലും രണ്ടാമത്തെയും നാലാമത്തെയും ചൊവ്വാഴ്ചകളിൽ 3 pm മുതൽ 4 pm വരെ രക്ഷിതാക്കൾക്ക് അധ്യാപകരുമായി കൂടിക്കാഴ്ച നടത്താനും കുട്ടികളുടെ പഠന കാര്യങ്ങൾ ചർച്ച ചെയ്യാനും അവസരം ഉണ്ടായിരിക്കും.

വിജ്ഞാനത്തോടൊപ്പം തന്നെ ശാരീരികവും മാനസികവും മൂല്യാധിഷ്ഠിതവുമായി ഉയർന്ന വിതാനത്തിലുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് വിജയഗിരിയുടെ മുഖ്യലക്ഷ്യം. അതിലേക്ക് നിങ്ങളേവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**മാനേജർ**
**Fr. Joseph John**